**പാഠം 1    സെപ്റ്റംബർ 30 –ഒക്ടോബർ 6**

# പൗലൊസ് അപ്പൊസ്തലൻ റോമിൽ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 15:20–27; അ.പ്ര. 28:17–31; ഫിലി. 1:2; റോമ. 1:7; എഫെ. 1; റോമ. 15:14.**

**മനഃപാഠവാക്യം: "നിങ്ങളുടെ വിശ്വാസം സർവ്വ ലോകത്തിലും പ്രസിദ്ധ മായിരിക്കുന്നതിനാൽ ഞാൻ ആദ്യം തന്നെ എന്റെ ദൈവത്തിനു യേശുക്രിസ്തു മുഖാന്തരം, നിങ്ങൾക്കെല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്യുന്നു" (റോമ. 1:8).**

ഒരു റോമാലേഖന പഠിതാവ്, ആ പുസ്കത്തിന്റെ ചരിത്ര പശ്ചാത്തലം അറിഞ്ഞിരിക്കേണ്ടതാണ്. തിരുവചനം പഠിക്കുവാൻ ആഗ്രഹിക്കുമ്പോൾ എല്ലായ് പോഴും അതെഴുതാനുണ്ടായ സാഹചര്യംകൂടി ഗ്രഹിക്കുന്നത് നന്നായിരിക്കും. എന്ത് പ്രശ്നം ആണ് അതിൽ പ്രതിപാദിക്കുന്നതെന്ന് അറിഞ്ഞിരിക്കുകയും വേണം. ഒരു നിശ്ചിത കാലയളവിൽ ജീവിച്ചിരുന്ന പ്രത്യേക ക്രിസ്തീയ സമൂഹത്തിനാണ് പൗലൊസ് ഈ ലേഖനം എഴുതുന്നത്. ഇപ്രകാരം എഴുതുന്നതിന് ഒരു പ്രത്യേക കാരണവും പൗലൊസിനുണ്ട്. യഥാർത്ഥ കാരണം വ്യക്തമായി അറിയാമെങ്കിൽ തുടർന്നുള്ള പഠനത്തെ അതു സഹായിക്കും.

അതുകൊണ്ട് ആ കാലഘട്ടത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ഒന്നു നയിക്കാം. ഒന്നാം നൂറ്റാണ്ടിലെ റോം ആയിരിക്കട്ടെ നമ്മുടെ സ്മൃതിപഥത്തിൽ നമ്മൾ റോമാ നിവാസികളും. ആദ്യ നൂറ്റാണ്ടിലെ സഭാവിശ്വാസികളായി നമ്മെ ഭാവന ചെയ്യുക. റോമിലുള്ള വിശ്വാസികൾക്ക് നൽകാൻ പരിശുദ്ധാത്മ പ്രേരിതമായി പൗലൊസ് അപ്പൊസ്തലന് ലഭിച്ച ദൂത് നമുക്ക് ശ്രവിക്കാം.

എന്നാൽ തദ്ദേശികമായി പരിഗണിക്കേണ്ട ഏത് അടിയന്തര പ്രശ്നങ്ങളെയാണ് പൗലൊസ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. എങ്ങനെ ഒരാൾ രക്ഷ പ്രാപിക്കും എന്നതാണ് വിഷയം. ഒരു പ്രത്യേക സമൂഹത്തോടാണ് പൗലൊസ് സംസാരിക്കുന്നത്. ഈ ലേഖനം എഴുതുമ്പോൾ പൗലൊസിന്റെ മനസ്സിൽ ഒരു പ്രത്യേക പ്രശ്നം ഉണ്ട്. പൗലൊസ് ആദ്യമായി ഈ വാക്കുകൾ എഴുതിയപ്പോൾ അത് എത്രമാത്രം സന്ദർഭോചിതമായിരുന്നോ, അത്രയുംതന്നെ പ്രസക്തമായിരുന്നു വ്യത്യസ്ത സാഹചര്യത്തിൽ നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും മാർട്ടിൻ ലൂഥറിന് ഇന്നും അവ സന്ദർഭോചിതം തന്നെ.

**ഞായർ** **ഒക്ടോബർ 1**

**പൗലൊസ് അപ്പൊസ്തലന്റെ എഴുത്തുകൾ**

കൊരിന്തിന്റെ അയൽ പ്രദേശമായ ഗ്രീസിലെ കെംക്രെയ എന്ന പട്ടണത്തിൽ വച്ചാണ് പൗലൊസ് റോമർക്കുള്ള ലേഖനം എഴുതിയതെന്നാണ് റോമർ 16–ാം

അദ്ധ്യായം, ഒന്നും രണ്ടും വാക്യങ്ങളിൽനിന്നും നമുക്ക് മനസ്സിലാകുന്നത്. ഗ്രെയിറ്റർ കൊരിന്ത്യ നിവാസിയായ ഫേബയെക്കുറിച്ച് അപ്പൊസ്തലൻ പ്രതിപാദിക്കുന്നതു കൊണ്ട്, റോമാലേഖനം എഴുതാനുള്ള പശ്ചാത്തലം ആ സ്ഥലം തന്നെ ആയിരിക്കാം എന്ന് അനുമാനിക്കാം.

ഏതു പട്ടണത്തിൽവച്ചാണ് പുതിയനിയമ ലേഖനങ്ങൾ എഴുതിയത് എന്ന് കണ്ടെത്തുന്നത് അത് എഴുതിയ കാലഘട്ടം കണ്ടുപിടിക്കുന്നതിനാവശ്യമാണ്. കാരണം പൗലൊസ് ധാരാളം മിഷനറി യാത്രകൾ നടത്തിയിട്ടുണ്ട്. സ്ഥലവും സ്ഥാനവും പ്രത്യേക സമയവും മനസ്സിലാക്കിയാൽ എഴുതിയ കാലഘട്ടം ആധി കാരികമായി കണ്ടെത്താനുള്ള സൂചന ലഭിക്കും.

പൗലൊസ് കൊരിന്ത് സഭ സ്ഥാപിച്ചത് തന്റെ രണ്ടാം മിഷനറിയാത്രയിൽ, AD 40-52 ഇടയ്ക്കുള്ള കാലഘട്ടത്തിലാണ്. (കാണുക അ. പ്ര.18:1–8) പൗലൊസിന്റെ മൂന്നാം മിഷനറിയാത്രയിൽ, അതായത് AD 53-58 (കാണുക അ. പ്ര. 20:2,3) ഗ്രീസിൽ വീണ്ടും പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ മൂന്നാം യാത്രയുടെ അവസാന നാളിൽ യെരൂശലേമിലെ വിശുദ്ധരായ ദരിദ്രരായവർക്ക് ഏതാനും ധർമ്മോപകാരം സ്വീകരിച്ചതായി രേഖപ്പെടുത്തിരിക്കുന്നു (റോമ.15:25,26). അതുകൊണ്ട് മിക്കവാറും AD 58- ന്റെ ആദ്യമാസങ്ങളിലാണ് പൗലൊസ് അപ്പൊസ്തലൻ റോമാലേഖനം എഴുതിയതെന്ന് അനുമാനിക്കാവുന്നതാണ്.

**വേറെ ഏതൊക്കെ പ്രധാനപ്പെട്ട സഭകൾ പൗലൊസ് തന്റെ മൂന്നാം മിഷനറി യാത്രയിൽ സന്ദർശിച്ചിട്ടുണ്ട്? അപ്പൊ. പ്രവൃ. 18:23.**

പൗലൊസിന്റെ അഭാവത്തിൽ വ്യാജ ഉപദേഷ്ടാക്കൾ വിശ്വാസികളെ മോശെ യുടെ ന്യായപ്രമാണത്തിലെ പരിച്ഛേദനപോലുള്ള നിയമങ്ങൾ ആചരിക്കണമെന്ന് അനുശാസിച്ചതായി ഗലാത്യ സഭകളിലെ സന്ദർശനവേളയിൽ പൗലൊസ് മനസ്സി ലാക്കി. റോമിൽ താൻ എത്തുന്നതിനു മുൻപേ തന്റെ എതിരാളികൾ അവിടെ എത്തുമെന്ന് പൗലൊസ് ഭയന്നു. ഗലാത്യ സഭയിൽ സംഭവിച്ചതുപോലുള്ള ദുരന്തം റോമിലുള്ള സഭയിലും സംഭവിക്കാതിരിക്കുന്നതിന് ഒരു കത്തെഴുതി പൗലൊസ് അവർക്കൊരു മുന്നറിയിപ്പ് നൽകി. ഗലാത്യലേഖനവും പൗലൊസ് തന്റെ മൂന്നാം മിഷ്നറിയാത്രയിൽ കൊരിന്തിൽ ഉണ്ടായിരുന്ന മൂന്നു മാസത്തിനുള്ളിൽ എഴുതിയ താണെന്ന് വിശ്വസിക്കപ്പെടുന്നു. ഒരുപക്ഷേ കൊരിന്തിൽ വന്ന സമയത്തോടടുത്ത് എഴുതിയതാവാം.

പൗലൊസ് റോമാലേഖനത്തിൽ സുവിശേഷീകരണത്തിന്റെ ഏറ്റവും വലിയ തത്വം ക്രോഡീകരിച്ചു മുന്നോട്ടുവച്ചു. യെഹൂദനെയും യവനനെയും അലട്ടി ക്കൊണ്ടിരുന്ന പ്രശ്നത്തിൽ തന്റെ നിലപാട് പൗലൊസ് വ്യക്തമാക്കി. ഒരിക്കൽ യെഹൂദന് നൽകപ്പെട്ട വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളും പ്രത്യാശയും ഇന്ന് യവ നനുകൂടെ അവകാശപ്പെട്ടതാണെന്ന് അസന്നിഗ്ദ്ധമായി പൗലൊസ് അവരെ ബോദ്ധ്യപ്പെടുത്തി. EGW, The Acts of the Apostles P. 373.

നേരത്തെ പറഞ്ഞതുപോലെ, വേദപുസ്തകത്തിലെ ഏതു പുസ്തകം പഠിക്ക ണമെങ്കിലും അത് എന്തിന് എഴുതി, ഏതു സാഹചര്യത്തിൽ എഴുതിയെന്ന് മനസ്സി

ലാക്കുന്നത് പ്രാധാന്യം അർഹിക്കുന്നതാണ്. അതുകൊണ്ട് റോമാലേഖനം കൂടുതലായി മനസ്സിലാക്കുന്നതിലേക്ക് ഏതു ചോദ്യങ്ങൾ ആണ് യെഹൂദ ദൈവാലയങ്ങളിലും, യവനദേവാലയങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിച്ചതെന്ന് നാം മനസ്സിലാക്കണം. അത് അടുത്ത ആഴ്ചത്തെ പാഠത്തിൽ നമുക്കു പഠിക്കാം.

**ഇപ്പോൾ ഏതൊക്കെ വിവാദങ്ങൾ ആണ് നിങ്ങളുടെ സഭയിൽ നിങ്ങളെ അലട്ടുന്നത്? ഭീഷണികൾ കൂടുതൽ സഭയ്ക്കുള്ളിൽ നിന്നോ, അതോ സഭയ്ക്ക് പുറത്തു നിന്നോ? ഈ സംവാദത്തിൽ നിങ്ങളുടെ പങ്ക് എന്ത്? നിങ്ങളുടെ സ്ഥാനം എവിടെ? നിങ്ങളുടെ നിലപാട് എങ്ങനെ? നിങ്ങൾ അഭിമുഖീകരിക്കുന്ന സംഘർഷങ്ങൾ ഏവ? ഇങ്ങനെയുള്ള സ്വയം പരിശോധനയ്ക്കുള്ള പ്രസക്തി എന്താണ്?**

**തിങ്കൾ** **ഒക്ടോബർ 2**

**റോം സന്ദർശനത്തിനുള്ള പൗലൊസിന്റെ ആകാംക്ഷ.**

മിക്കവാറും എല്ലാ സന്ദർഭങ്ങളിലും നേരിട്ടുള്ള സ്പർശം ആണ് ഏറ്റവും നല്ല ആശയവിനിമയമാർഗ്ഗം എന്നതിന് രണ്ടു പക്ഷമില്ല. ഫോൺ, ഈമെയിൽ, ടെക്സ്റ്റ്, സ്കൈപ്പ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ മുഖേന ആശയവിനിമയം നടത്താം. എന്നാൽ മുഖാമുഖം, സ്പർശനം തുടങ്ങിയ വ്യക്തിഗത സംവിധാനങ്ങൾ ആണ് കൂടുതൽ അഭികാമ്യം. അതുകൊണ്ടാണ് റോമിലുള്ള വിശ്വാസികളെ നേരിട്ടു കാണണമെന്നുള്ള ആഗ്രഹം തന്റെ ലേഖനത്തിലൂടെ പൗലൊസ് പ്രകടിപ്പിച്ചത്. അവരെ കാണാൻ ചെല്ലുന്നത് അവരെ അറിയിക്കണമെന്നും പൗലൊസ് ആഗ്രഹിച്ചു.

**വായിക്കുക:** റോമ. 15:20–27. റോം സന്ദർശനത്തിന് കാലതാമസം നേരിട്ടതിന് എന്തു കാരണമാണ് പൗലൊസ് പറഞ്ഞത്? ഇപ്പോൾ സന്ദർശനം നടത്തുന്നതിന് പ്രേരിപ്പിച്ച ഘടകം എന്താണ്? 'റോം സന്ദർശനം' എന്ന ദൗത്യം പൗലൊസിന്റെ കാഴ്ചപ്പാടിൽ എത്രമാത്രം വിലപ്പെട്ടതാണ്? പൗലൊസിന്റെ വാക്കുകളിൽനിന്നും അവന്റെ സുവിശേഷവേലയിലുള്ള ശുഷ്കാന്തിയെക്കുറിച്ച് നമുക്ക് എന്തു പഠിക്കാം? യെഹൂദനെക്കുറിച്ചും യവനനെക്കുറിച്ചും രസാവഹവും പ്രധാനപ്പെട്ടതുമായ എന്തു കാര്യങ്ങളാണ് പൗലൊസ് റോമ. 15:27 ൽ രേഖപ്പെടുത്തിയിരിക്കുന്നത്?

ജാതികളുടെ മഹാ അപ്പൊസ്തലന് സുവിശേഷം പുതിയ മേഖലകളിലേക്ക് പ്രചരിപ്പിക്കണമെന്ന് ഉൾപ്രേരണയുണ്ടായി. തൽഫലമായി പ്രവർത്തന സജ്ജമായ സഭകളിലെ പ്രേഷിതവേല ആ സ്ഥലത്തെ വിശ്വസ്തരായ വിശ്വാസികളെ ഏല്പിച്ചു. ക്രിസ്ത്യാനിത്വം അതിന്റെ ശൈശവാവസ്ഥയിൽ ആയിരിക്കുകയും വേലക്കാർ തുലോം ചുരുക്കമായിരിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യത്തിൽ ദൈവവേല തുടങ്ങി പ്രചാരത്തിൽ ആയ സ്ഥലങ്ങളിൽ വീണ്ടും തന്റെ വിലയേറിയ സമയവും ഊർജ്ജസ്വലതയും പാഴാക്കിക്കളയുന്നതിനോട് അപ്പൊസ്തലന് യോജിപ്പില്ലായിരുന്നു (റോമ. 15:20,21). " ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന് ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല, "അവനെക്കുറിച്ച് 'അറിവ്-കിട്ടീട്ടില്ലാത്തവർ കാണും' 'കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും' എന്നു എഴുതിയിരിക്കുന്നതു പോലെ അത്രേ, സുവിശേഷം അറിയിപ്പാൻ അഭിമാനിക്കുന്നത്."

റോമിൽ അനിശ്ചിത കാലത്തേക്ക് തുടരണം എന്ന് പൗലൊസിന് തീരുമാനം ഇല്ലായിരുന്നു. സ്പെയിനിൽ കൂടി സുവിശേഷീകരണം നടത്തണമെന്ന് പൗലൊസ് ആഗ്രഹിച്ചു. ആ ദൗത്യപൂർത്തീകരണത്തിലേക്ക് റോമയിലുള്ള ക്രിസ്ത്യാനികളുടെ സേവനവും അവൻ പ്രതീക്ഷിച്ചു.

**ഒരു പുതിയ സ്ഥലത്ത് ക്രിസ്തീയ വേല ആരംഭിക്കുന്നതിലേക്ക് എല്ലാ അർത്ഥത്തിലും നന്നായി രൂപീകൃതമായ ഒരു സഭയിലെ വിശ്വാസി സമൂഹത്തിൽ നിന്നും പൗലൊസ് സഹായം ആവശ്യപ്പെടുന്നതിൽ നിന്നും നമുക്ക് എന്ത് പാഠം പഠിക്കാം?**

**വീണ്ടും വായിക്കുക: റോമ. 15:20-27. സുവിശേഷവേല ചെയ്യുന്നതിലും, സേവനം മറ്റുള്ളവർക്ക് കൊടുക്കുന്നതിലും പൗലൊസിന്റെ അടങ്ങാത്ത തീക്ഷ്ണത ശ്രദ്ധിക്കുക. നിങ്ങൾക്കും നിങ്ങളുടെ പ്രവർത്തനത്തിനുമുള്ള പ്രേരണ എവിടെ നിന്നും ലഭിക്കുന്നു? സേവനത്തിനുള്ള ഹൃദയവാഞ്ഛ എത്രമാത്രം നിങ്ങളിലുണ്ട്?**

**ചൊവ്വ** **ഒക്ടോബർ 3**

**പൗലൊസ് റോമിൽ**

**റോമയിൽ എത്തിയശേഷം തനിക്ക് കാവലായ പടയാളിയോടുകൂടെ വേറിട്ടു പാർപ്പാൻ പൗലൊസിന് അനുവാദം കിട്ടി. (അപ്പൊ. പ്രവൃ. 28:16).**

അവസാനം പൗലൊസ് എങ്ങനെ റോമിൽ എത്തിച്ചേർന്നു എന്നത് ഈ വാക്യത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ചില അവിചാരിത അപ്രതീക്ഷിത സംഭവ വികാസങ്ങൾ പലപ്പോഴും നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ എന്ത് പാഠം ആണ് അതിൽ നിന്നും നാം ഉൾക്കൊള്ളേണ്ടത്?

അതേ, ഒരു തടവു പുള്ളിയായിട്ടാണെങ്കിലും അവസാനം പൗലൊസ് റോമിൽ എത്തി. സൂക്ഷ്മതയോടും വ്യക്തതയോടും, മനഃപൂർവ്വം കുറ്റമറ്റതായി പല പദ്ധതികൾക്കും നാം രൂപരേഖ ഉണ്ടാക്കിയാലും, പലപ്പോഴും അത് നമ്മുടെ ആഗ്രഹത്തിനൊത്ത് സംഭവിക്കുന്നില്ല.

യൂറോപ്പിലെയും ഏഷ്യാമൈനറിലെയും വിശ്വാസികളിൽ നിന്നും ദരിദ്രരായ വിശുദ്ധർക്കായി ശേഖരിച്ച ദാനധർമ്മങ്ങളുമായി പൗലൊസ് തന്റെ മൂന്നാം മിഷനറി യാത്രയുടെ അന്ത്യത്തിൽ യെരൂശലേമിൽ എത്തി. എന്നാൽ അപ്രതീക്ഷിത സംഭവ വികാസങ്ങൾ പൗലൊസിനെ കാത്തിരുന്നു. അവൻ അറസ്റ്റ് ചെയ്യപ്പെട്ടു. അങ്ങനെ അവൻ ജയിലിലുമായി. രണ്ടു വർഷക്കാലത്തോളം സിസേരയിൽ ജയിൽ വാസം അനുഭവിച്ചു. പിന്നീട് തന്റെ കാര്യം പുനഃർവിചാരണ ചെയ്യണമെന്ന് കൈസരോട് അപേക്ഷിച്ചു. ഏതാണ്ട് അറസ്റ്റ് കഴിഞ്ഞ് മൂന്നു വർഷത്തിനുശേഷം പൗലൊസ് റോമയിൽ എത്തി. റോമയിലുള്ള വിശ്വാസികളെ കാണാൻ എത്തുമെന്ന് പൗലൊസ് വർഷങ്ങൾക്ക് മുമ്പേ അവർക്കെഴുതിയിരുന്നു. എന്നാൽ ആ കത്തിൻ പ്രകാരമുള്ള ഒരു എത്തിച്ചേരൽ ആയിരുന്നില്ല അത്.

**അ. പ്ര. 28:17-31 വരെയുള്ള വാകൃങ്ങളിൽ, പൗലൊസ് റോമയിൽ ചിലവഴിച്ച സമയം എപ്രകാരമുള്ളതായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം? അതിൽ നിന്നും എന്ത് പ്രത്യേക പാഠമാണ് നാം പഠിക്കേണ്ടത്?**

തന്റെ പ്രസംഗം കൊണ്ടല്ല പൗലൊസ് ജയിലിലുള്ള സഹതടവുകാരെ ക്രിസ്ത്യാനിത്വത്തിലേക്ക് ആകർഷിച്ചത്. പിന്നെയോ സഹതടവുകാരോടുള്ള തന്റെ സ്നേഹവായ്പ് മൂലമാണ്, പൗലൊസ് പാപത്തിന് അടിമപ്പെട്ടിരുന്ന കൂട്ടുതടവുകാരെ മോചിപ്പിച്ചത്. "സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയംകൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു" (ഫിലി. 1:14). EGW, The Acts of Apostles, P. 464

**ചുറ്റിക്കുന്ന, അവിചാരിത സംഭവ വികാസങ്ങൾ ദൈനംദിന ജീവിതത്തിൽ നിങ്ങൾ എത്ര പ്രാവശ്യം അഭിമുഖീകരിച്ചിട്ടുണ്ട്? അങ്ങനെ അഭിമുഖീകരിച്ച പ്രശ്നങ്ങൾ അനുഗ്രഹങ്ങളായി മാറിയിട്ടുണ്ടോ? (വായിക്കുക ഫിലി. 1:12). ഈ അനുഭവങ്ങളിൽ നിന്നും നിങ്ങളുടെ വിശ്വാസത്തിന് മൂർച്ചയേറിയിട്ടുണ്ടോ? അനർത്ഥങ്ങളുടെ മദ്ധ്യേ വിശ്വാസ ജീവിതത്തിൽ നിങ്ങൾ ഉറപ്പുള്ളവരായി ത്തീർന്നോ?**

**ബുധൻ** **ഒക്ടോബർ 4**

**വിശുദ്ധർ റോമിൽ**

**ഇവിടെ നാം കാണുന്നത് പൗലൊസ് റോമയിലെ സഭയ്ക്ക് വന്ദനം ചെയ്യുന്നതാണ് (റോമ. 1:7). "അവരിൽ യേശുക്രിസ്തുവിനായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു". സത്യത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും എന്തു കൂടുതൽ ഉൾക്കാഴ്ചയാണ് ഈ വേദഭാഗം വായിക്കുന്നതിൽ നിന്നും നമുക്ക് ഉണ്ടാകുന്നത്?**

കർത്താവിൽ പ്രിയരേ, ദൈവം ലോകത്തെ സ്നേഹിക്കുന്നു സത്യം തന്നെ. എന്നാൽ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരേ, അവന്റെ സ്നേഹത്തോട് പ്രതീകരിച്ചവരെ അവൻ അധികമായി സ്നേഹിക്കുന്നു.

മനുഷ്യവംശത്തിലും നമ്മൾ ഇതു തന്നെ കാണുന്നു. നമ്മെ സ്നേഹിക്കുന്ന വരെ നാമും സ്നേഹിക്കുന്നു. ഇങ്ങനെയുള്ളവർ തമ്മിൽ സ്നേഹം അന്യോന്യം പങ്കുവയ്ക്കുന്നു. സ്നേഹം, പ്രതികരണം ശക്തമായി ആവശ്യപ്പെടുന്നു. എന്നാൽ സ്നേഹ പ്രതികരണം അനർഘളമായി ഒഴുകുന്നില്ലെങ്കിൽ അതിന് അതിർത്തി വരമ്പുകൾ ഉണ്ടാകുകയും പൂർണ്ണമായി പ്രകടമാകാതിരിക്കുകയും ചെയ്യും.

വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർ എന്നു വെച്ചാൽ "വിശുദ്ധരായി നാമ നിർദ്ദേശം ചെയ്യപ്പെട്ടവർ എന്നാണ്. 'വിശുദ്ധർ' എന്ന പദം ഹാഗിയോയി (hagioi) എന്ന ഗ്രീക്കു പദത്തിൽനിന്നും ഭാഷാന്തരം ചെയ്തിട്ടുള്ളതാണ്. അതിന്റെ വ്യംഗ്യാർത്ഥം 'ശുദ്ധിയുള്ളവർ' എന്നാണ്. ശുദ്ധം എന്ന വാക്കിന്റെ അർത്ഥം മുഴുവൻ സമയവും പ്രയത്നവും നിശ്ചിത കാര്യത്തിന് ചിലവഴിക്കുന്നവർ എന്നാണ്. ഒരു വിശുദ്ധൻ എന്നു പറഞ്ഞാൽ, അവനെ ഒരു പ്രത്യേക ദൗത്യത്തിന് ദൈവം വേർതിരിച്ചനാണ്.

അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ഒരുവന് അല്ലെങ്കിൽ ഒരുവൾക്ക് വിശുദ്ധീകരണ പ്രക്രിയയിൽ വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഈ വ്യക്തി കർത്താവിനെ തന്റെ ദൈവവും, രാജാവുമായി നേരത്തെതന്നെ തിരഞ്ഞെടുത്തവ നാണ്. ആ ആത്മാർത്ഥമായ തിരഞ്ഞെടുപ്പാണ് അവനെ അല്ലെങ്കിൽ അവളെ ഒരു വിശുദ്ധനോ, വിശുദ്ധയോ ആക്കിത്തീർക്കുന്നത്.

**വിശുദ്ധരായി വിളിക്കപ്പെടേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടവർ എന്നാണ് പൗലൊസ് അവരെപ്പറ്റി പറയുന്നത്. ചിലർ വിളിക്കപ്പെട്ടവരല്ല എന്നാണോ അതിന്റെ അർത്ഥം? എഫെ. 1:4; എബ്രാ. 2:9; 2 പത്രൊ. 3:9. ഈ വേദഭാഗങ്ങളിൽ നിന്നും പൗലൊസ് എന്താണ് തന്റെ പ്രസ്താവനയിൽ അർത്ഥമാക്കിയതെന്ന് നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ?**

സുവിശേഷത്തിന്റെ കാതലായ ഭാഗം യേശുക്രിസ്തുവിന്റെ മരണം ആണ്. അത് സാർവ്വത്രികമാണ്. അത് മാനവരാശിക്ക് മുഴുവനായിട്ടാണ്. അവനിൽ രക്ഷ പ്രാപിക്കാനായി അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഭൂമിക്ക് അടിസ്ഥാനമിട്ടതിനു മുൻപേ അവർ വിശുദ്ധരായി വിളിക്കപ്പെട്ടു. ദൈവത്തിന്റെ പ്രഥമമായ ഉദ്ദേശ്യം മനുഷ്യവർഗ്ഗം യേശുക്രിസ്തുവിൽ രക്ഷ കണ്ടെത്തണം എന്നതാണ്. അന്തിമ നിത്യാഗ്നി പിശാചിനും അവന്റെ ദൂതന്മാർക്കും മാത്രം ഉള്ളതാണ്. എന്നാൽ ചില ആളുകൾ അവർക്കായി കരുതിയിരിക്കുന്ന നല്ല ദാനങ്ങൾ പ്രയോജനപ്പെടുത്താറില്ല. എന്നുമാത്രമല്ല അത്ഭുതകരമായ, അനുഗ്രഹാവസരങ്ങൾ നഷ്ടപ്പെടുത്താറുമുണ്ട്.

**ലോകസ്ഥാപനത്തിനു മുൻപേ ദൈവം അവനിൽ രക്ഷ കരസ്ഥമാക്കുന്നതിലേക്ക്, രക്ഷാകവാടത്തിലേക്ക് നിന്നെ മാടിവിളിച്ചിരിക്കുന്നു. ആ ഇമ്പസ്വരം കേൾക്കുന്നതിന് തടസ്സമായി നില്ക്കുന്ന എല്ലാ പ്രതിബന്ധങ്ങളെയും ഇല്ലായ്മ ചെയ്യണം.**

**വ്യാഴം** **ഒക്ടോബർ 5**

**വിശ്വാസികൾ റോമയിൽ**

വിശ്വാസി സമൂഹം റോമയിൽ എങ്ങനെ സ്ഥാപിതമായി എന്നതിന് വ്യക്തത യില്ല. പാരമ്പര്യ തെളിവുകൾ വെച്ച് പത്രൊസിനാലോ, പൗലൊസിനാലോ സ്ഥാപി ക്കപ്പെട്ടു എന്നു കരുതിപ്പോരുന്നു. എന്നാൽ അതിന് ചരിത്ര പിൻബലമില്ല. ഒരുപക്ഷേ സ്വമേധാ പ്രവർത്തകർ സ്ഥാപിച്ചതായിരിക്കാം. അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ പറയുന്നതുപോലെ പെന്തെക്കോസ്തുനാളിൽ യെരൂശലേമിൽ സ്നാനപ്പെട്ടവരിൽ ചിലർ പിന്നീട് റോമയിലേക്ക് താമസം മാറ്റിയവർ ആയിരിക്കാം ഇവിടുത്തെ വിശ്വാസികൾ. അവർ, ലോക സാമ്രാജ്യങ്ങളുടെ തലസ്ഥാന നഗരിയായ റോമയിലെ വിശ്വാസ പോരാളികളായി സധൈര്യം നിലകൊണ്ടു.

പെന്തെക്കോസ്തു അനുഭവത്തിനുശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അപ്പൊസ്തലന്മാർ ആരും തന്നെ പിന്നീട് ആ സ്ഥലം സന്ദർശിച്ചിട്ടില്ലെങ്കിലും ഒരു വിശ്വാസസമൂഹത്തെയും അവരുടെ കീർത്തിയെയും അന്നത്തെ ലോകം മുഴുവൻ അറിഞ്ഞിരുന്നു എന്നത് ആശ്ചര്യം ഉളവാക്കുന്നതാണ്. യേശുക്രിസ്തുവിന്റെ ക്രൂശാരോഹണം കഴിഞ്ഞ് ഇരുപതു വർഷങ്ങൾ പിന്നിട്ടിട്ടും, ഉണർവ്വുള്ള, തീക്ഷ്ണത

യുള്ള ഒരു സഭ റോമയിൽ ശക്തമായി നില കൊണ്ടിരുന്നു. സഭ ഊർജ്ജസ്വലത യുള്ളതായിരുന്നു. അത്യാവശ്യമുള്ളതായിരുന്നു. ദൈവം അതിന്റെ കർത്താവുമായി രുന്നു. EGW, Comments, The SDA Commentary, Vol.6, P. 1067.

വിശ്വാസം വിശാല അർത്ഥത്തിൽ സത്യസന്ധതയാണ്. യേശുക്രിസ്തുവിൽ കണ്ടെത്തിയ പുതിയ വിശ്വാസ വഴിയാണത്.

**വായിക്കുക: റോമ. 15:14. റോമയിലെ സഭയെ പൗലൊസ് എപ്രകാരം വിശദീകരിക്കുന്നു?**

റോമയിലെ സഭയിലെ വിശ്വാസികളുടെ ജീവിതാനുഭവങ്ങളിൽ നിന്നും എടുത്ത് ഉദ്ധരിക്കേണ്ട മൂന്നു കാര്യങ്ങൾ പൗലൊസ് ചൂണ്ടിക്കാണിക്കുന്നു.

1 നിറഞ്ഞ സദ്ഭാവം - മറ്റുള്ളവർ ഇത് നമ്മുടെയും ഭാവം ആണെന്നു പറയുമോ? അപരൻ നമ്മളിൽ ആകർഷിക്കപ്പെടുന്നത് നമ്മളിലുള്ള സദ്ഭാവത്തിന്റെ നിറവ് കണ്ടിട്ടാണോ?

2 ദൈവീക ജ്ഞാനത്തിന്റെ നിറവ് - ആത്മ ജ്ഞാനത്തിന്റെ പ്രാധാന്യം, വിജ്ഞാനം നേടുന്നതിന്റെ ആവശ്യകത, അറിവ് പ്രാപിക്കുന്നതിന്റെ പ്രാധാന്യം ഈ വക കാര്യങ്ങൾ തിരുവചനം ആവർത്തിച്ച് നമ്മെ പ്രബോധിപ്പിക്കുന്നു. ദൈവവചനവും അതിലടങ്ങിയിരിക്കുന്ന ഉപദേശങ്ങളും നന്നായി അഭ്യസിക്കു ന്നതിന് ക്രിസ്ത്യാനികളെ അതിശക്തമായി പ്രബോധിപ്പിക്കുന്നു. "ഒരു നവ ഹൃദയം ഞാൻ നിനക്ക് നൽകും." എന്താണ് ഈ വാക്യം അർത്ഥമാക്കുന്നത്? ഒരു പുതിയ മനസ്സ് ഞാൻ നിനക്ക് തരും എന്നാണ്. ഹൃദയത്തിന് ഉണ്ടാകുന്ന പരിവർത്തനം എല്ലായ്പോഴും ക്രിസ്തീയ ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള ഒരു അവബോധം ഉള്ളതുകൊണ്ടാണ്. സത്യം അറിയുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു.

3 അന്യോന്യം ഗുണദോഷിക്കാൻ ശക്തർ വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മയിൽ നിന്നും വേറിട്ട് നിന്നാൽ ഒരാൾക്കും ആത്മീയമായി വളരാൻ കഴിയില്ല. അതു കൊണ്ട് വിശ്വാസികൾ അന്യോന്യം പ്രോത്സാഹിപ്പിച്ചുകൊണ്ട് ജീവിക്കണം.

**നിങ്ങളുടെ സ്ഥലത്തെ പ്രാദേശിക സഭയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? ഏതുതരം യശസ്സാണ് അതിനുള്ളത്? എന്തെങ്കിലും ബഹുമാനം അതിനുണ്ടോ? നിങ്ങളുടെ പ്രദേശിക സഭയെക്കുറിച്ച് എന്താണ് നിങ്ങൾക്കു പറയാനുള്ളത്? നിങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം എന്താണ്? എങ്ങനെ നമ്മുടെ പ്രാദേശിക സഭയെ രക്ഷിക്കാൻ കഴിയും?**

**വെള്ളി** **ഒക്ടോബർ 6**

**കൂടുതൽ ചിന്തയ്ക്ക്:**

**വായിക്കുക :** EGW, " The Mysteries of the Bible" Page 706, in Testimonies for the church, Vol. 5. "Salvation to the Jews" PP 467,468.

“മാനവരാശിയുടെ രക്ഷ എന്നത് പാപം ഭൂമിയിൽ ഉണ്ടായതിനുശേഷം എടുത്ത ഒരു ദൈവീക തീരുമാനത്തിന്റെ ഫലമായി സംഭവിച്ചതോ അതോ ഇനിയും ഒരു തിരുത്തൽ ആവശ്യമാണെന്നുള്ള തോന്നലിന്റെ പേരിൽ ഉണ്ടായതോ അല്ല. മനുഷ്യന്റെ വീണ്ടെടുപ്പുമായി ബന്ധപ്പെട്ട് സൂക്ഷ്മമമായും, വ്യക്തമായും തയ്യാറാക്കിയ ഒരു ദൈവീക പദ്ധതിയാണ് ‘രക്ഷ’. അത് ഭൂമിക്ക് അടിസ്ഥാനമിടുന്നതിന് മുൻപേ വിഭാവനം ചെയ്തിരുന്നു (1 കൊരി. 2:7, എഫെ. 1:3,4; 2 തെസ്സ. 2:13,14). മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ നിത്യ സ്നേഹമാണ് അതിന്റെ അടിത്തറ (യിരെ.31:3).

ഈ രക്ഷാപദ്ധതി പ്രാചീന ഭൂതകാലത്തെയും ചരിത്രാധിഷ്ഠിതമായ വർത്തമാന കാലത്തെയും അനന്തമായ ഭാവികാലത്തെയും ഉൾക്കൊള്ളുന്നു. അതിൽ അനുഗ്രഹങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

അതുപോലെ വാസ്തവികതയും ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വിശുദ്ധ ജനമായി തിരഞ്ഞെടുക്കപ്പെട്ടവർ ക്രിസ്തുവിനെപ്പോലെ ആയിത്തീരണം. യേശുക്രിസ്തുവിൽ പാപക്ഷമയും വീണ്ടെടുപ്പും ലഭിക്കുന്നു. പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നു. നിത്യ അവകാശവും തേജസ്കരണവും ലഭിക്കുന്നു (എഫെ.1:3 –14). രക്ഷാപദ്ധതിയുടെ കേന്ദ്രബിന്ദു യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളും മരണവും ആണ്. അതൊരിക്കലും ചരിത്രത്തിലെ ഒരു യാദൃശ്ചിക സംഭവമോ, മാനുഷീക തീരുമാനത്തിന്റെ പരിണിതഫലമോ അല്ല. ദൈവത്തിന്റെ രക്ഷണ്യവേലയിൽ വേരൂന്നിയിരിക്കുന്നു (അ. പ്ര. 4:27,28). സത്യത്തിൽ യേശുക്രിസ്തു ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് ആണ് (വെളി. 13:8). “The Hand book of Seventh- day Adventist Theology” (Hagerstown, md: Review and Heral Publishing, 2000) PP. 275, 276.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. പ്രൊട്ടസ്റ്റൻന്റ് നവീകരണത്തെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുക. അങ്ങനെ ഒരു നവീകരണം സംഭവിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ ലോകത്തിന്റെ അവസ്ഥ എന്താകുമായിരുന്നു?

2. ലോകസ്ഥാപനത്തിനു മുൻപേ, നമ്മെ രക്ഷയിലേക്ക് വിളിച്ചു എന്ന ആശയത്തിന് കൂടുതൽ മുൻതൂക്കം കൊടുത്ത് ചർച്ച ചെയ്യുക. (കാണുക തീത്തൊ. 1:1,2; 2 തിമൊ. 1:8,9). എന്തുകൊണ്ടാണ് കൃപയാൽ നീട്ടപ്പെടുന്ന രക്ഷ അഗണ്യമാക്കി പിന്തിരിഞ്ഞുപോകുന്നത് സങ്കടകരമാകുന്നത്?

3. വ്യാഴാഴ്ചത്തെ പാഠഭാഗത്തുള്ള ചോദ്യം ആവർത്തിച്ചു ചിന്തിക്കുക. ആവശ്യമുണ്ടെങ്കിൽ നിങ്ങളുടെ പ്രാദേശിക സഭയുടെ യശസ്സ് ഉയർത്തുന്നതിനായി എന്തൊക്കെ ചെയ്യാൻ കഴിയും എന്നുള്ള ആശയങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.